(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) എം.എൽ.എ.-യിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ട്. ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി താലൂക്കാശുപത്രിയിൽ മെഡിക്കൽ റിക്കോർഡ്സ് ലൈബ്രറി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

സ്കൂളുകൾ കേന്ദ്രീകരിച്ച് ആരോഗ്യവകുപ്പ് നടത്തിയ സർവ്വെ റിപ്പോർട്ട്

46 (4849) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ സ്കൂളുകളിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും സംബന്ധിച്ച് സർവ്വെ നടത്തുകയുണ്ടായോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സർവ്വെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

ഉത്തരം

(എ&ബി) വയനാട് ജില്ലയിലെ സ്കൂളുകളിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും സംബന്ധിച്ച് സർവ്വെ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനതലത്തിൽ നടത്തപ്പെടുന്ന സേഫ് കേരള പരിപാടിയുടെ ഭാഗമായി 13-5-2015, 28-5-2015 എന്നീ തീയതികളിൽ വയനാട് ജില്ലയിലെ 327 സ്കൂളുകളിൽ പരിശോധന നടത്തുകയും അടിസ്ഥാന സൗകര്യം, ശുചിത്വം എന്നീകാര്യങ്ങളിൽ വീഴ്ച കണ്ടെത്തിയ സ്ഥാപനങ്ങളിൽ നോട്ടീസ് നൽകുകയും സമയോചിതമായി വീഴ്ചകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്.

റേഡിയേഷൻ തെറാപ്പിയിൽനിന്ന് വീണ് രോഗി മരിക്കാനിടയായ സംഭവം

47 (4850) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ആലപ്പുഴ മെഡിക്കൽ കോളേജിലെ ക്യാൻസർ ചികിത്സാ വിഭാഗത്തിൽ റേഡിയേഷൻ ട്രോളിയിൽനിന്ന് വീണ് രോഗി മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) സംഭവത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമായോ; വിശദാംശം നൽകുമോ ;

(ഡി) മരണപ്പെട്ട രോഗിയുടെ കുടുംബത്തിന്റെ പരാതികൾ ആശുപത്രി അധികൃതർക്കോ, സർക്കാരിനോ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) മരിച്ചയാളിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ആശുപത്രി അധികൃതർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കാഞ്ഞങ്ങാട് മലേറിയ വാഹക ലാർവകൾ

48 (4851) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാഞ്ഞങ്ങാട്, കാസർകോട് നഗരങ്ങളിൽ മലേറിയ വാഹകരായ കൊതുകുകളുടെ ലാർവകൾ കണ്ടെത്തി എന്ന ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് പറയാമോ ;

ഉത്തരം

കാഞ്ഞങ്ങാട് കാസർഗോഡ് മുനിസിപ്പാലിറ്റി പ്രദേശത്തുനിന്നും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് നടത്തിയ സർവ്വേയിൽ മലമ്പനിക്ക് കാരണമാകുന്ന അനോഫിലിസ് കൊതുകിന്റെ കൂത്താടികളെ കണ്ടെത്തിയിട്ടുണ്ട്. രോഗ നിയന്ത്രണത്തിന്റെ ഭാഗമായി ജനുവരി മാസം മുതൽ തന്നെ ജില്ലയിലെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly